**<u>രജിസ്റ്റേർഡ് (എഡി സഹിതം)</u>**

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ- 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**DHS/28784/2024-EA4** തീയതി. 17-06-2025

## <u>കാരണം കാണിക്കൽ നോട്ടീസ്</u>

ഡോ. രേഷ്മ പി. എം (Dr Reshma P M, PEN 765752) എന്ന താങ്കൾ തൃശ്ശൂർ ഇരിങ്ങാലുക്കുട ജനറൽ അശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ 26.01.2020 തീയതി മുതൽ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നതായി തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. 27.01.2016 തീയതി സേവനത്തിൽ പ്രവേശിച്ച താങ്കൾ പ്രൊബേഷണർ ആണ്. 03.07.2024 തീയതി രേഖപ്പെടുത്തി തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ച് ഉചിത മാർഗ്ഗേന അല്ലാതെ താങ്കൾ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിന് നിർവ്വാഹമില്ല. പ്രൊബേഷൻ കാലാവധിയ്ക്കുള്ളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നതിനാൽ താങ്കളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി കാണക്കാക്കുന്നതിന് കഴിയുകയില്ല. ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19 (a) (ii) പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താത്കാലികമായി തീരുമാനിക്കുന്നു.

(2) ടി തീരുമാനത്തിനെതിരായി താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ച് 15 (പതിനഞ്ച്) ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ താങ്കളെ നേരിട്ട് കേൾക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആയത് നോട്ടീസിനുള്ള മറുപടിയിൽ വ്യക്തമാക്കിയിരിക്കേണ്ടതാണ്. തൽസംബന്ധമായ വിശദീകരണം ടി കാലയളവിനുള്ളിൽ ലഭ്യമാക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച്

സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Reena K J
Date: 17-06-2025 04:05:04

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Reshma P M,**

**Padinjate House, Chittira Thalore PO,**

**Thrissur- 6803061**

(രണ്ടു പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. ഒരു പകർപ്പ് താങ്കളുടെ തീയതിയോടു കൂടിയ ഒപ്പ് രേഖപ്പെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്)

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
തൃശ്ശൂർ.
3.സൂപ്രണ്ട്,
ജനറൽ ആശുപത്രി ഇരിങ്ങാലക്കുട, തൃശ്ശൂർ.
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ